# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3056 — 03/04/2013 ൽ മറുപടിക്ക്

### പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള കോട്ടകൾ.


ചോദ്യം
ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) എം.എൽ.എ.

ഉത്തരം
ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)


| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര കോട്ടകൾ ഉണ്ട്;വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) | കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ ചന്ദ്രഗിരിക്കോട്ട ,മൂളിയാറിലെ പൊവ്വൽക്കോട്ട ,ഹോസ്ദുർഗ്ഗിലെ പുതിയകോട്ട,അരിക്കാടിയിലെ അരിക്കാടിക്കോട്ട എന്നീ 4 കോട്ടകൾ ഉണ്ട് . |
| (ബി) | പ്രസ്തുത കോട്ടകളുടെ വശങ്ങളിൽ നിന്നും മണ്ണും മറ്റും എടുത്ത് ഇവയെല്ലാം നാശത്തിന്റെ വക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ചന്ദ്രഗിരിക്കോട്ടയുടെ സമീപത്ത് നിന്ന് മണ്ണെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .ഇത് തടയുന്നതിന് റവന്യൂ ,പോലീസ് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.മറ്റ് കോട്ടകളിൽ മണ്ണെടുപ്പ് മൂലം നാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത കോട്ടകൾ സംരക്ഷിത സ്മാരകങ്ങളായി നിലനിർത്തുന്നതിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യക്ക് (എ.എസ്.ഐ) കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ? | (സി) | കോട്ടകൾ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യക്ക് കൈമാറുന്നതിനുള്ള നടപടി ഇതുവരെ കൈകൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ